**കേരള സർക്കാർ**
**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

## സർക്കുലർ

നമ്പർ.16789/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 04/03/2016

വിഷയം:-വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതു സംബന്ധിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (എസ്.ഡി.ആർ.എഫ്.) നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1 സർക്കുലർ നം. 69675/കെ.3/2014/ഡി.എം.ഡി. തീയതി 13.02.2015
2 സ.ഉ.(സാധാ) നം. 5634/2015/ഡി.എം.ഡി. തീയതി 08.10.2015

സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ശുദ്ധജല ദുരുപയോഗം കുറയ്ക്കുക, പുനർ വിനിയോഗം ചെയ്യുക എന്നിവയ്ക്ക് ഊന്നൽ നല്കുക.

(2) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളതും വരൾച്ചാ ബാധിതമായിട്ടുള്ളതുമായ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായിട്ടുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി പഞ്ചായത്ത് / ബ്ലോക്ക് / ജില്ലാതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, മുനിസിപ്പൽ ചെയർമാൻമാർ, ജനപ്രതിനിധികൾ ജില്ലയിലെ വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, പി.ഡബ്ല്യൂ.ഡി., ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ എന്നിവകളുടെ ജില്ലാതല ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ ജില്ലാതല വരൾച്ചാ ദുരിതാശ്വാസ കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്. താലൂക്കുകളിൽ ഓരോ ഡെപ്യൂട്ടി കളക്ടർമാരെ ഇതിന്റെ ചുമതല ഏൽപ്പിക്കണം. ഇവർ നിയോജക മണ്ഡലങ്ങൾ, പഞ്ചായത്ത് / മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ചേരുന്ന യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണം.

(3) വരൾച്ചയ്ക്ക് മുൻപായി ഉപയോഗയോഗ്യമല്ലാതായി തീർന്നിട്ടുള്ള കുഴൽ കിണറുകൾ, പൊതു കിണറുകൾ, കുളങ്ങൾ എന്നിവ നന്നാക്കുക, വരണ്ട ടാങ്കുകളിലേയും പൊതു കുളങ്ങളിലേയും ചെളി മാറ്റി ഉപയോഗയോഗ്യമാക്കുക എന്നിവയ്ക്ക് വേണ്ടി തൊഴിലുറപ്പ് പദ്ധതിയുടെ പണം വിനിയോഗിക്കേണ്ടതാണ്. നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും ചെറിയ മോട്ടറുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ ഹോട്ടലുകൾ, ആശുപത്രികൾ, ലോഡ്ജുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വീടുകൾ തുടങ്ങിയ പല ഇടങ്ങളിലും അനധികൃതമായി വെള്ളം ഊറ്റിയെടുക്കുന്നതായും ദുരുപയോഗം ചെയ്യുന്നതായും കണ്ടുവരുന്നു. ഈ കാര്യത്തിൽ ആവശ്യമായ മിന്നൽ പരിശോധനകൾ നടത്തി കാരണക്കാരായവർക്കെതിരെ ക്രിമിനൽ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർ കീഴുദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. പത്രമാദ്ധ്യമങ്ങളിലൂടെ ഇക്കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(4) വില്ലേജടിസ്ഥാനത്തിൽ വർഷപാതത്തിന്റെ തോത്, കിണറുകളിലെ ജലലഭ്യത, അന്തരീക്ഷ താപനില എന്നിവ സംബന്ധിച്ച് ദിവസവും അവലോകനം നടത്തി ആവശ്യമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(5) കേരള വാട്ടർ സപ്ലൈ & സീവെറേജ് (അമെന്റ്മെന്റ്) ആക്ട് 2008 -ലെ 38 എ(2), 46(ബി), 46(സി), 52(എ), 61(എ) എന്നീ സെക്ഷനുകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്,. കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി' ഒരു ടാസ്ക്ക് ഫോഴ്സ് രൂപീകരിക്കേണ്ടതാണ്.

(6) കൺട്രോൾ റൂമുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കേണ്ടതും എല്ലാ ആഴ്ചയും വരൾച്ചാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് e-mail ആയി സർക്കാരിന് (revenuedmdk@gmail.com, seoc.gok@gmail.com ) സമർപ്പിക്കേണ്ടതാണ്.

(7) സർക്കാരിന്റെ അനുമതി ആവശ്യമായ പദ്ധതികൾ (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങളിൽപ്പെടാത്തവ) അതാത് നിർവ്വഹണ

വകുപ്പുകൾ വഴി മാത്രം സർക്കാരിലേക്ക് (ബന്ധപ്പെട്ട ഭരണവകുപ്പിന്) അനുമതിക്കായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള പദ്ധതികൾ റവന്യൂ ദുരന്ത നിവാരണ വകുപ്പിന് സമർപ്പിക്കരുത്.

(8) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതും പദ്ധതി നിർവ്വഹണം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

(9) വറ്റിവരണ്ട കുളങ്ങളും കിണറുകളും മറ്റ് കുടിവെള്ള സ്രോതസ്സുകളും മണ്ണും ചെളിയും മാറ്റി അടുത്ത മഴയിൽ ശുദ്ധജലം സംഭരിക്കുന്നതിനുവേണ്ടി തയ്യാറാക്കേണ്ടതാണ്. ആയതിന് വേണ്ടി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പണം വിനിയോഗിക്കേണ്ടതാണ്. 2012-13 കാലഘട്ടത്തിൽ വരൾച്ചാ പ്രതിരോധത്തിനായി മലപ്പുറം ജില്ലയിൽ ഇക്കാര്യത്തിൽ സ്വീകരിച്ച അനുകരണീയമായ നടപടികൾ പ്രസ്തുത ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് മറ്റു ജില്ലകളിൽ സ്വീകരിക്കുവാൻ ജില്ലാ ഭരണകൂടം മുൻകൈയെടുക്കണം.

(10) ശുദ്ധജല സ്രോതസ്സുകൾ കുളിക്കുന്നതിന് വേണ്ടിയും മൃഗങ്ങളെ കുളിപ്പിക്കുന്നതിന് വേണ്ടിയും വാഹനങ്ങൾ കഴുകുന്നതിനുവേണ്ടിയും ഉപയോഗിക്കുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(11) കുടിവെള്ള ആവശ്യത്തിനായി ജലം ശേഖരിക്കുന്ന സ്രോതസ്സുകൾ മാലിന്യമുക്തമാണെന്നും കുടിവെള്ളത്തിന് യോഗ്യമാണ് എന്നും വാട്ടർ അതോറിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(12) താൽക്കാലിക തടയണകൾ ആവശ്യമായ സ്ഥലങ്ങളിൽ ഇറിഗേഷൻ വകുപ്പും വാട്ടർ അതോറിറ്റിയും കൂടിയാലോചിച്ച് അതാത് വകുപ്പുകളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിക്കുക. അത്തരം തടയണകൾ കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും എന്ന് ഉറപ്പുള്ള സ്ഥലങ്ങളിൽ മറ്റ് വകുപ്പുകൾക്ക് ചിലവഴിക്കുവാൻ പണം ലഭ്യമല്ല എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രം ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആവശ്യമെങ്കിൽ പണം ഉപയോഗിക്കുക.

(13) വരൾച്ച രൂക്ഷമായ പഞ്ചായത്തുകളുമായി ആലോചിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക. ഇക്കാര്യത്തിൽ കണ്ണൂർ ജില്ല 2012-13 വരൾച്ചാ കാലഘട്ടത്തിൽ സ്വീകരിച്ച അനുകരണീയമായ നടപടികൾ പ്രസ്തുത ജില്ലാ

ഭരണകൂടവുമായി ബന്ധപ്പെട്ട് മറ്റു ജില്ലകളിൽ സ്വീകരിക്കുവാൻ ജില്ലാ ഭരണകൂടം മുൻകൈയെടുക്കുക.

(14) ഭൂഗർഭ ജല വിനിയോഗം 50% എങ്കിലും കുറയ്ക്കുവാൻ ഭൂജല വിനിയോഗ വകുപ്പുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക.

(15) കനാൽ വഴിയുള്ള ജലവിതരണം അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുക.

(16) സ്കൂളുകളിൽ സ്പെഷ്യൽ അസംബ്ലി വിളിക്കുവാനും വരൾച്ചാ പ്രതിരോധ നടപടികളെക്കുറിച്ചും സൂര്യാഘാതം ഒഴിവാക്കുന്നതിനുള്ള നടപടികളെക്കുറിച്ചും കുട്ടികൾക്ക് വിശദീകരിച്ച് നൽകുവാനും ഭൂമിശാസ്ത്ര അദ്ധ്യാപകർക്കും പരിസ്ഥിതി ശാസ്ത്ര അദ്ധ്യാപകർക്കും നിർദ്ദേശം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ മേധാവികളോട് ആവശ്യപ്പെടുക.

(17) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് 08.10.2015-ലെ സ.ഉ.(സാധാ) നം. 5634/2015/ഡി.എം.ഡി. ഉത്തരവിലെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(18) മൃഗസംരക്ഷണ വകുപ്പിനോട് കന്നുകാലികൾക്കും മറ്റ് മൃഗങ്ങൾക്കും ആവശ്യമായ ശുദ്ധജലം ഉറപ്പുവരുത്തുവാൻ നിർദ്ദേശിക്കുക.

(19) വരൾച്ചയ്ക്ക് മുൻപായി ഫ്ളാറ്റുകളുടെയും വീടുകളുടെയും ടെറസ്സിന്റെ തുറസ്സായ സ്ഥലത്ത് വീഴുന്ന മഴവെള്ളം അവിടെത്തന്നെ സംഭരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

(20) $20^0$ ചരിവിൽ കുറവുള്ള സ്ഥലങ്ങളിൽ 'ക്യാച്ച് പിറ്റുകൾ' നിർമ്മിച്ച് കൃഷി സ്ഥലങ്ങളിൽ പെയ്യുന്ന മഴവെള്ളം പാഴായി പോകാതെ ഭൂമിക്കുള്ളിലേക്ക് ഊർന്നിറങ്ങാൻ അനുവദിക്കുക.

(21) വേനൽക്കാലത്തിന് മുമ്പായി നദികളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക. ഇതിനാവശ്യമായ തുക, അതാതു വകുപ്പുകൾ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കാര്യത്തിൽ ജില്ലാ കളക്ടർമാർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്.

**ഡോ. വിശ്വാസ് മേത്ത**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീ,ഷണർ, തിരുവനന്തപുരം
മെമ്പർ, ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, ആരോഗ്യ വകുപ്പ്
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടർ, അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റ്
ഡയറക്ടർ, ഡയറി ഡിപ്പാർട്ടുമെന്റ്
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്
ഡയറക്ടർ, ട്രഷറി വകുപ്പ്
മാനേജിംഗ് ഡയറക്ടർ, വാട്ടർ അതോറിറ്റി ഡിപ്പാർട്ടുമെന്റ്
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വെബ് & ന്യൂ മീഡിയ ഐ & പി.ആർ.ഡി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ